**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. R.10842/20 Dated : 20/02/2023

## പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള പടിഞ്ഞാറെ പള്ളിത്താമം ഗ്രൗണ്ടിൽ 01/04/2023 മുതൽ 31/03/2024 കൂടി ഒരു വർഷകാലത്തേക്ക് Annexure - 1 ആയി ചേർത്തിട്ടുള്ള സ്കെച്ചിൽ മാർക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് Pay & Park/Trade fair എന്നിവ നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 25000/- രൂപയുടെ ഡി.ഡി നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

Pay & Park നടത്തുന്നതിന് മാത്രമായോ, Trade fair നടത്തുന്നതിന് മാത്രമായോ രണ്ടുംകൂടി നടത്തുന്നതിനോ ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. ഏതിനാണ് ടെണ്ടർ സമർപ്പിക്കുന്നത് എങ്കിൽ ആയത് ടെണ്ടർ കവറിന് മുകളിൽ രേഖപ്പെടുത്തേണ്ടതാണ്. സ്കെച്ചിൽമാർക്ക് ചെയ്ത സ്ഥലത്ത് മാത്രമേ അതാത് ആവശ്യങ്ങൾക്ക് സ്ഥലം അനുവദിക്കുകയുള്ളൂ. Trade fair ഉം Pay & Park ഉം കൂടി നടത്തുന്നതിന് ടെണ്ടർ സമർപ്പിക്കുന്നവർ ഓരോന്നിനും ക്വാട്ട് ചെയ്യുന്ന സംഖ്യ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ 02/03/2023, 3 പി.എം വരെ തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ടെണ്ടർ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും

ഓരോ ഇനത്തിലും കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ്.

ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ തുകയ്ക്ക് ആനുപാതികമായ 3 മാസത്തെ സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഉടൻ അടക്കേണ്ടതാണ്. കൂടാതെ ടെണ്ടർ പ്രകാരമുള്ള ഒരു വർഷത്തെ സംഖ്യയുടെ 25% സംഖ്യയും ജി.എസ്.ടിയും കൂടി ടെണ്ടർ ഉറപ്പിച്ച് ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടക്കേണ്ടതാണ്. ബാക്കി സംഖ്യയും ജി.എസ്.ടിയും കൂടി 2023 ജൂൺ മാസം 30-ാം തിയ്യതിക്കുമുമ്പായി അടക്കേണ്ടതുമാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം വീഴ്ചവരുത്തുന്ന ദിവസങ്ങളിൽ 20% കൂടുതൽ പലിശയും, ജി.എസ്.ടിയും ചേർത്ത് അടക്കേണ്ടതാണ്. ടെണ്ടർ ലഭിച്ച വ്യക്തി താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുമാത്രം Trade fair, Pay & Park എന്നിവ നടത്തേണ്ടതാണ്.

<u>പാർക്കിംഗ്</u>

1. സ്കെച്ചിൽ മാർക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് മാത്രമേ പാർക്കിംഗ് അനുവദിക്കുകയുള്ളൂ.
2. പാർക്കിംഗിന് ആവശ്യമായ ലൈസൻസ് തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.
3. പാർക്കിംഗ് സ്ഥലത്തേക്കാവശ്യമായ വൈദ്യുതി ടെണ്ടർ കൊണ്ട വ്യക്തിയുടെ ചിലവിൽ ഏർപ്പെടുത്തേണ്ടതാണ്.
4. പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്ത വാഹനങ്ങളുടെ പരിപൂർണ്ണ സുരക്ഷിതത്വം ടെണ്ടർ കൊണ്ട വ്യക്തിയുടേത് മാത്രമായിരിക്കും, ആയതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
5. പാർക്കിംഗ് ഗ്രൗണ്ടിലും മറ്റും അനാശാസ്യപ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ ടെണ്ടർ കൊണ്ട വ്യക്തി ശ്രദ്ധിക്കേണ്ടതാണ്.
6. പാർക്കിംഗ് പരിസരം ടെണ്ടറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും ശുചിയാക്കി സംരക്ഷിക്കേണ്ടതാണ്.
7. പാർക്കിംഗിന് താഴെ പറയുന്ന നിരക്കിൽ മാത്രമേ പാർക്കിംഗ് ഫീ ഈടാക്കാൻ പാടുള്ളൂ.

| | | |
|---|---|---|
| ബൈക്ക് | - | 20/- പ്രതിദിനം |
| ഓട്ടോറിക്ഷ | - | 20/- പ്രതിദിനം |
| കാർ | - | 30/- പ്രതിദിനം |
| ട്രാവലർ | - | 50/- പ്രതിദിനം |
| ബസ്സ് | - | 50/- പ്രതിദിനം |
| ലോറി | - | 100/- പ്രതിദിനം |

**Trade fair**

8. സ്കെച്ചിൽ മാർക്ക് ചെയ്തിട്ടുള്ള സ്ഥലത്ത് മാത്രമേ Trade fair നടത്താൻ പാടുകയുള്ളൂ.

9. Trade fair നടത്തുന്നതിന് നിശ്ചിത ദിവസങ്ങളിലേക്ക് മാത്രമേ നൽകാൻ പാടുകയുള്ളൂ.

10. തികച്ചും താൽകാലികമായ നിർമ്മിതികൾ മാത്രമേ ട്രേഡ് ഫെയറിന് അനുവദിക്കുകയുള്ളൂ.

11. പള്ളിത്താമം കെട്ടിടത്തിലേക്ക് വരുന്നവർക്ക് ഉള്ള പർക്കിംഗിന് തടസ്സം വരുത്താൻ പാടുള്ളതല്ല.

12. Trade fair നടത്തുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്.

13. Trade fair നടത്തുന്നതിന് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്. ആയതിന് വീഴ്ച്ച വരുത്തിയാൽ ആയതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

14. Parking, Trade fair എന്നിവ നടത്തുന്ന സമയം ഏതെങ്കിലും വിധത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചാൽ ആയതിന് ടെണ്ടർ കൊണ്ട വ്യക്തി മാത്രം ഉത്തരവാദിയായിരിക്കുന്നതും ആയതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

15. പാർക്കിംഗ്/ട്രേഡ്ഫയർ സ്ഥലത്തേക്ക് എപ്പോൾ വേണമെങ്കിലും പ്രവേശിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൊച്ചിൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ ടെണ്ടർ കൊണ്ട് വ്യക്തി ബാദ്ധ്യസ്ഥനാണ്.

17. ടെണ്ടർ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചവരുത്തുന്ന പക്ഷം ടെണ്ടർ വ്യവസ്ഥക്കനുസരിച്ച് കാലാവധി അവസാനിക്കുന്നതിന് മുമ്പ് ടെണ്ടർ കൊണ്ട വ്യക്തി സ്വമേധയാ ഒഴിവാകാത്ത പക്ഷം ഇതു മൂലം വരുന്ന സകല കഷ്ട നഷ്ടങ്ങൾക്കും ടെണ്ടർ കൊണ്ട വ്യക്തി ഉത്തരവാദി ആയിരിക്കുന്നതാണ്.

18. ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടറിൽ നിന്നും സ്വമേധയ ഒഴിവാകുന്ന പക്ഷം നിരതദ്രവ്യമായി അടച്ച സംഖ്യ യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

19. നിശ്ചിത കാലാവധിക്ക് ശേഷം ബാദ്ധ്യതകൾ ഒന്നും ഇല്ലെന്ന് ഉറപ്പാക്കി മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച സംഖ്യ പലിശ രഹിതമായി ടെണ്ടർ കൊണ്ട വ്യക്തിക്ക് റീഫണ്ടായി അനുവദിക്കുന്നതാണ്.

20. ട്രേഡ്ഫയർ നടത്തുന്നതിന് ആവശ്യമായ ലൈസൻസ്, ഇൻഷുറൻസ് മറ്റ് സർക്കാർ അനുമതികൾ എന്നിവ ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചിലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഇവ ലഭ്യമാക്കി മാത്രമേ ട്രേഡ്ഫയർ നടത്താൻ പാടുള്ളൂ.


21. ടെണ്ടർ കൊണ്ട സംഖ്യകൾ ടെണ്ടർ കാലാവധിക്കുള്ളിൽ ഏതെങ്കിലും കാരണവശാൽ അടവുവരുത്തുന്നതിന് വീഴ്ച്ച വരുത്തുന്നപക്ഷം പ്രസ്തുത സംഖ്യ റവന്യൂ റിക്കവറി നടപടി വഴി പിരിച്ചെടുക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

22. ടെണ്ടർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൊച്ചിൻ ദേവസ്വം ബോർഡിന് തിരികെ ഏൽപ്പിക്കേണ്ടതാണ്.

23. പാർക്കിംഗ്, ട്രേഡ്ഫെയർ എന്നിവയ്ക്ക് ആവശ്യമായ സ്ഥലം ഓരോ ഇനത്തിലും സ്ക്വയർഫീറ്റ് അളവിൽ ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ പറഞ്ഞ എല്ലാ നിബന്ധനകളും ഉൾപ്പെടുത്തി നിയമാനുസൃത മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ട് ടെണ്ടർ ലഭിച്ച വ്യക്തി സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ടെണ്ടർ നടപടികൾ നിർത്തി വെയ്ക്കുന്നതിനും, അസാധുവാക്കുന്നതിനും മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**സെക്രട്ടറി**
**കൊച്ചിൻ ദേവസ്വം ബോർഡ്**



N
PARKING
WESTERN PALLITHAMAN GROUND
60M
TRADE FAIR
9m
WELL
PALIYAM ROAD